പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4285

19.10.2011-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, സി. പി . മുഹമ്മദ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും എന്തു സംവിധാനമാണ് നിലവിലുള്ളത് ;

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

ബി. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ;

ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അവിദഗ്ദ്ധ തൊഴിലാളികൾക്ക് ഒരു കുടുംബത്തിന് പരമാവധി 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖല മെച്ചപ്പെടുത്തുക, പ്രാദേശികമായി തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, ദ: രിദ്ര്യ ജനവിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, ദാരിദ്ര്യം കേന്ദ്രീകരിക്കുന്ന ഭൂമേഖല വിന്യാസത്തിൽ

മാറ്റം വരുത്തുക,സുസ്ഥിര വികസനത്തിനുള്ള ആസ്തികൾ സൃഷ്ടിക്കുക, സാമൂഹിക-സാമ്പത്തിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക, സ്ത്രീ-പുരുഷ അസമത്വം കുറയ്ക്കുക-തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കുക, നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക, ജനങ്ങളെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി ജനാധിപത്യം ശക്തിപ്പെടുത്തുക, ഇടത്തട്ടുകാരുടെയും കരാറുകാരുടെയും ചൂഷണത്തിൽ നിന്ന് തൊഴിലെ ടുക്കുന്നവരെ സംരക്ഷിക്കുക.

| | | | |
|---|---|---|---|
| സി. | പ്രസ്തുത പദ്ധതിയുടെ ഘട്ടങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | സി. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഘട്ടങ്ങളും പ്രധാന പ്രവർത്തനങ്ങളും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.